# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2316:** **23/03/2012- ൽ മറുപടിക്ക്**

## അടച്ചു പൂട്ടൽ ഭീഷണി നേരിടുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ:** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സാമ്പത്തിക തകർച്ച നേരിട്ടതു മൂലം അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നതും അടുത്ത കാലങ്ങളിൽ അടച്ചു പൂട്ടപ്പെട്ടതുമായ എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ കേരളത്തിലുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത്തരം സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുമോ ; ഇത്തരം ചെറുകിട വ്യവസായ സ്ഥാപനങ്ങളെ സഹായിക്കാൻ സർക്കാർ തയ്യാറാകുമോ ; | (എ) സാമ്പത്തിക തകർച്ച നേരിട്ടത് മൂലം അടച്ചു പൂട്ടൽ ഭീഷണി നേരിടുന്നതായ 133 ചെറുകിട വ്യവസായ യൂണിറ്റുകളും, അടച്ചുപൂട്ടപ്പെട്ടതായ 2944 ചെറുകിട വ്യവസായ യൂണിറ്റുകളും നിലവിലുണ്ട്. ഇത്തരം സ്ഥാപനങ്ങളെ SURP (Sick Unit Revival Programme) പദ്ധതിയിൽ ഉൾപ്പെടുത്തി പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.<br>സാമ്പത്തിക തകർച്ച മൂലവും മറ്റ് കാരണങ്ങളാലും അടച്ചുപൂട്ടപ്പെട്ട 68-ഓളം യൂണിറ്റുകൾ സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഉണ്ട്. ഇത്തരം സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിനായി കൈമാറ്റ വ്യവസ്ഥകൾ വളരെ ലഘൂകരിച്ചിട്ടുണ്ട്. |
| (ബി) ഇരുമ്പ്-ഉരുക്ക് എന്നിവ അടിസ്ഥാന അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചിരുന്ന എത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ ആലപ്പുഴ ജില്ലയിലുണ്ട് എന്ന് വ്യക്തമാക്കാമോ ; കഴിഞ്ഞ അഞ്ചു വർഷ കാലയളവിനുള്ളിൽ ഇവയിൽ അടച്ചുപൂട്ടപ്പെട്ടവ എത്രയെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ? | (ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഇരുമ്പ്, ഉരുക്ക് എന്നിവ അടിസ്ഥാന അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചിരുന്ന 206 രജിസ്റ്റേർഡ് ചെറുകിട വ്യവസായ യൂണിറ്റുകൾ ആലപ്പുഴ ജില്ലയിലുണ്ട്. കൂടാതെ സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കേരള ഓട്ടോകാസ്റ്റ് ലിമിറ്റഡ്, ചേർത്തല എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുമുണ്ട്.<br>കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ ഇവയിലൊന്നും തന്നെ അടച്ചു പൂട്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.<br>സിഡ്കോയുടെ കീഴിൽ ഇരുമ്പ് ഉരുക്ക് എന്നിവ അടിസ്ഥാന അസംസ്കൃത വസ്തുവായി |

ജില്ലയിൽ വയർ റോഡ് അസംസ്കൃത വസ്തുവായി ഉപയോഗിച്ചിരുന്ന മഹേഷ് മെറ്റൽസ്, മിനി വയർ, മഹേഷ് എന്റർപ്രൈസസ് എന്നീ യൂണിറ്റുകൾ ഇപ്പോൾ സിഡ്കോയിൽ നിന്ന് മെറ്റീരിയൽസ് എടുക്കാറില്ല. ആ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്നാണറിയുന്നത്.

**സെക്ഷൻ ഓഫീസർ**